


# H. G GEEVARGHESE MAR PHILOXENOS

(Puthencavil Kochu Thirumeni –
One of the Architects of Malankara Orthodox Church)
1897-1951



| | | |
|---|---|---|
| Date of Birth | : | 10th June 1897 |
| Parents | : | Rev. Fr. Thomas, Kizhakkethalackel, Puthencavu and Rahelamma, Chungathil, Koippuram |

Ordained Deacon in 1916 By

H.H Moran Mar Baselios Geevarghese II, Catholicose of the East. Ordained Priest in 1929 by H.G Geevarghese Mar Dionesius, Vattasserils and Elevated to Ramban on 6th November 1929 by H.H Moran Mar Baselios Geevarghese II, Catholicose of the East, Consecrated as Metropolitan On 2nd November 1930 by the Catholicose H.H Moran Mar Baselios Geevarghese II at Parumala.

| | | |
|---|---|---|
| Schooling: | | Puthencavu, Mavelikkara And Chengannur Schools, Interme diate From C. M.S College Kottayam B.D From Serampur University M.A In English Literature From Calcutta University. |
| Position Held | : | |
| Teacher | : | M.D Seminary High School, Kottayam 1922 1925 |
| Head Master | : | Middle School, Puthencavu : 1928 – 1929 |
| Metropolitan | : | From 1931 – 1951 DIOCESE OF THUMPAMON<br>President of Sunday School And Orthodox Youth Movement |
| Senate Member : | | Serampur University |

Member of Governing Board : U.C College, Alwae

On 17th April 2013 : His Holiness Baselious marthoma paulose II Catholicose of the East declared "Catholicate Ratna Deepam " of the Malankara Orthodox Church H.G shone as a great administrator, ardent advocate of ecumenism, light of spiritual revival and an organiser of spiritual conventions. Thirumeni was humorous and had certain prophetic visions. H.G led a simple life and sacrificed the entire life for the church. My God and My Church was the phrase constantly repeated by His Grace. The Othera Dayara, Bathel Aramana. Paranthal St. George Aramana Pally, Thumpamon Martha Mariam Centre, Catholicate High School Pathanamthitta, Metropolitan High School Puthencavu, Kizhavallore St. George High School & Catholicate college Pathanamthitta are Thirumeni's achievements .

Thirumeni entered the heavenly abode on 17th April 1951 at Marthemcode Chapel, Kunnamkulam and the holy remains are interred at St. Mary's Orthodox Cathedral, Puthencavu where hundreds of pilgrims find refuge. The inscription over the blessed tomp read thus.

His presence was joyful, his voice sweet his words inspiring, his manners endearing, his smile unforgettable.

നമ്പർ 62/2013

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ വികാരിയും ദേശത്തുപട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

ആ പള്ളിയിൽ കബറടങ്ങിയിട്ടുള്ള, 'മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഗാന കോകിലം' എന്നറിയപ്പെട്ടിരുന്ന അഭിവന്ദ്യ ഗീവർഗീസ് മാർ ഫീലക്സീനോസ് മെത്രാപ്പോലീത്താ ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടിട്ട് 61 വർഷങ്ങൾ പിന്നിടുകയാണല്ലോ. മലങ്കര സഭയുടെ കാവൽഭടനായി ജീവിതം സമർപ്പിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനിയെ മലങ്കര സഭാമക്കൾക്ക് ഒരുകാലത്തും വിസ്മരിക്കുവാൻ സാധ്യമല്ല. പ. സഭയോടും കാതോലിക്കാ സിംഹാസനത്തോടുമുള്ള ആഴമേറിയ വിധേയത്വം വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും പ്രകടിപ്പിക്കുന്നതിൽ ആ പുണ്യപിതാവ് എന്നും ബദ്ധശ്രദ്ധനായിരുന്നു. 1951 -ലെ കാതോലിക്കാദിനമായ ഏപ്രിൽ 15-ന് കുന്നംകുളത്തുവച്ച് നടത്തിയ കാതോലിക്കാദിന സന്ദേശമായിരുന്നുവല്ലോ തിരുമേനിയുടെ അവസാനപ്രസംഗം. കുന്നംകുളത്തിനടുത്ത് മരത്തംകോട് സെന്റ് ഗ്രീഗോറിയോസ് ദേവാലയത്തിൽവച്ച് കാലം ചെയ്ത ആ പുണ്യപിതാവ് അനേകരുടെ മനസ്സിൽ ഒരു വിശുദ്ധനായി ജീവിക്കുന്നു. കൊച്ചുതിരുമേനിയുടെ കബറിടത്തിങ്കലേക്ക് തീർത്ഥാടകരായി വരുന്ന വിശ്വാസികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നു എന്നതിൽ നമുക്ക് സന്തോഷിക്കാം. തികഞ്ഞ സഭാസ്നേഹി, ഉത്തമസന്യാസി, മികച്ച വാഗ്മി, വിദ്യാഭ്യാസ വിചക്ഷണൻ തുടങ്ങിയ നിലകളിലെല്ലാം ശോഭിച്ചിരുന്ന അഭിവന്ദ്യ തിരുമേനിയുടെ 62-ാം ഓർമ്മപ്പെരുന്നാൾ ആചരിക്കുന്നതായ ഈ അവസരത്തിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും സേവനങ്ങളെയും മാനിച്ച് അനുയോജ്യമായ ഒരു നാമം നൽകി ആദരിക്കുന്നത് ഉചിതമായിരിക്കുമെന്ന് 2013 ഫെബ്രുവരി മാസത്തിൽ സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസ് നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ആ ഇടവകയിൽ കബറടങ്ങിയിരിക്കുന്ന പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിദനാസ് മെത്രാപ്പോലീത്തായെ **'കാതോലിക്കേറ്റ് രത്നദീപം'** എന്ന നാമം നൽകി ആദരിക്കുന്നതായി ഈ കൽപനയിലൂടെ നാം പ്രഖ്യാപിക്കുന്നു. ആ പുണ്യപിതാവിന്റെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും നമുക്കേവർക്കും പ്രത്യേകാൽ പുത്തൻകാവ് സെന്റ് മേരീസ് ഇടവകയ്ക്കും അനുഗ്രഹത്തിന് മുഖാന്തിരമായിത്തീരട്ടെ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

2013 മാർച്ച് മാസം 22-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.


***പുത്തൻകാവിൽ കൊച്ചുതിരുമേനിയെ മലങ്കരസഭയുടെ 'കാതോലിക്കേറ്റ് രത്നദീപ'മായി പ്രഖ്യാപിച്ച പരിശുദ്ധ കാതോലിക്ക ബാവായുടെ കൽപ്പന***



## ഉള്ളടക്കം



66



93




124

66. എഡിറ്റോറിയൽ - ഫാ. ബിജു റ്റി. മാത്യു (ചീഫ് എഡിറ്റർ)
67. ആശംസ - ഫാ. രാജൻ വർഗീസ് (കത്തീഡ്രൽ വികാരി/ചെയർമാൻ)
68. ആശംസ - ഫാ. ജാൾസൺ പി. ജോർജ് (സഹവികാരി)
69. പ്രാർത്ഥനയോടെ - സുനിൽ പി. ഉമ്മൻ (ജനറൽ കൺവീനർ)
71. പുത്തൻകാവിൽ കൊച്ചുതിരുമേനി കാതോലിക്കേറ്റിന്റെ കാവൽ ഭടൻ - പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവാ
88. എല്ലാം കാതോലിക്കേറ്റിനു വേണ്ടി സമ്പാദിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനി - പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്ക ബാവാ
90. ശിഷ്യന്റെ സ്മരണകൾ - അഭിവന്ദ്യ ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്ത
91. കണ്ണ് നിറയ്ക്കുന്ന ഗുരുവിന്റെ സ്മരണകൾ - അഭിവന്ദ്യ ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത
93. യുഗപ്രഭാവനായ കൊച്ചുതിരുമേനി - ഫാ. ഡോ. റ്റി.ജെ. ജോഷ്വാ
97. പുത്തൻകാവിൽ കൊച്ചുതിരുമേനിയും ബേയ്സിൽ ദയറായും - ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത
100. കർമ്മനിരതനായ മഹാചാര്യൻ - ഡോ. പി.വി. കോശി
103. കുന്നംകുളത്തിന്റെ ഹൃദയം കവർന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി - കെ.വി. ചാക്കോ എം.എ
105. പുത്തൻകാവിൽ കൊച്ചുതിരുമേനി മലങ്കരസഭയുടെ അഭിമാനം - എം.ജി. ജോർജ്ജ് മുത്തൂറ്റ്, അൽമായ ട്രസ്റ്റി
106. മാർ ഈവാനിയോസ് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്ക ബാവാ മുമ്പാകെ ചൊല്ലിയ സത്യപ്രതിജ്ഞ
108. മലങ്കര സഭയുടെ യുഗപുരുഷൻ - ഡോ. പി.സി. അലക്സാണ്ടർ
110. ശിഷ്യരുടെ മനസ്സ് കവർന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി - ജേക്കബ് മാത്യു (ജോജോ) കുളഞ്ഞികൊമ്പിൽ, സഭാ മാനേജിംഗ് കമ്മറ്റി മെമ്പർ
111. പുത്തൻകാവിൽ കൊച്ചുതിരുമേനി കലാവല്ലഭനും കർമ്മയോഗിയുമായ പരമാചാര്യൻ - മഹാകവി പുത്തൻകാവ് മാത്തൻ തരകൻ
115. പ്രതിഭാശാലിയായ പുത്തൻകാവ് കൊച്ചുതിരുമേനി - സി.പി. ജോർജ്ജ് കുഴിമറ്റം
117. ഞങ്ങളുടെ ജീവിതത്തിൽ അനുഗ്രഹങ്ങൾ ചൊരിഞ്ഞ പുത്തൻകാവിൽ കൊച്ചുതിരുമേനി - ഷൈനി രഞ്ജിത്ത് അടൂർ
118. സാന്നിദ്ധ്യം കൊണ്ട് അനേകരെ സന്തോഷിപ്പിക്കുന്ന പുണ്യപിതാവ് - ഫാ. വിനോദ് ജോർജ്, ആസ്ട്രേലിയ
119. പ്രണാമം (കവിത) - എബ്രഹാം തോമസ് (അനി) അയിരുക്കുഴിയിൽ
120. അന്ത്യയാത്ര - ഫാ.ഡോ. പി.എസ്. ശമുവേൽ കോർ എപ്പിസ്കോപ്പാ
124. ബഥേലിലെ ബാലസിംഹം - ഫാ. ഡോ. സി.റ്റി. ഈപ്പൻ
127. പുത്തൻകാവിൽ കൊച്ചുതിരുമേനി ഞങ്ങളുടെ കാണപ്പെട്ട ദൈവം - പി.വി. ജോർജ്ജ് പടിപുരയ്ക്കൽ


# ഉള്ളടക്കം



131



142



157



164

129. ചില ഓർമ്മകുറിപ്പുകൾ – ദിവ്യശ്രീ എം.എ. തോമസ് കശീശ – സഹവികാരി മതിലകം മാർത്തോമ്മ പള്ളി, പുത്തൻകാവ്

131. പുത്തൻകാവിന്റെ പുണ്യശോഭ – ജോർജ്ജ് ജോൺ ആലുംമൂട്ടിൽ

133. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ വിദ്യാഭ്യാസ ദർശനം – ഡോ. ജിബി ജോർജ് (സഭാ മാനേജിംഗ് കമ്മറ്റി മെമ്പർ)

135. 1951–ലെ 36–ാം ഞായറാഴ്ചയിലെ വിശുദ്ധ കുർബ്ബാന – പി.സി. കുഞ്ഞാത്തിരി ബി.എ., കുന്നംകുളം

137. ചരിത്രപ്രസിദ്ധമായ കുന്നംകുളം പ്രസംഗം

142. പുത്തൻകാവിൽ കൊച്ചുതിരുമേനി മലങ്കരസഭയുടെ സ്വാതന്ത്ര്യം സംരക്ഷിച്ച പ്രതിഭാശാലി – ഫാ. എ.എം. വർഗ്ഗീസ് പറന്തൽ

145. സ്വാതന്ത്ര്യത്തിന്റെ പോരാളി; പുത്തൻകാവിൽ കൊച്ചുതിരുമേനി – ഫാ. തോമസ് വർഗ്ഗീസ് അമയിൽ, സഭാ മാനേജിംഗ് കമ്മറ്റി മെമ്പർ

147. പുത്തൻകാവിൽ കൊച്ചുതിരുമേനി മലങ്കരസഭയുടെ കാവൽഭടൻ – ഫാ. മത്തായി കുന്നിൽ (പുത്തൻകാവ് കത്തീഡ്രൽ മുൻവികാരി)

148. അപേക്ഷകൾ തിരസ്കരിക്കാത്ത പുത്തൻകാവിൽ കൊച്ചുതിരുമേനി – ബേബി ചാൾസ് , റിട്ട എസ്.പി.

149. പ്രവാചക പ്രതിബദ്ധത നിറവേറ്റിയ മാർ പീലക്സിനോസ് – ഫാ. തോമസ് കൊക്കപ്പറമ്പിൽ, ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി

151. മുളക്കുഴ സെന്റ് മേരീസ് പള്ളിയും പുത്തൻകാവിൽ കൊച്ചുതിരുമേനിയും – പി.എം. കോരുത് പാങ്കാവിൽ, മുളക്കുഴ

153. പുത്തൻകാവിൽ കൊച്ചുതിരുമേനി വിശ്വാസികൾക്ക് പ്രത്യക്ഷനാകുന്ന ഗാനകോകിലം – ആർട്ടിസ്റ്റ് ബേബി, ചെങ്ങന്നൂർ

154. പുത്തൻകാവിൽ കൊച്ചുതിരുമേനി പാവങ്ങളെ സ്നേഹിച്ച പുണ്യപിതാവ് – പി.എം. നാരായണൻ

155. മലങ്കരസഭയ്ക്ക് നഷ്ടമായ കാതോലിക്ക – എ.ഇ. അലക്സാണ്ടർ (കുഞ്ഞച്ചൻ) അവിരാതരകൻ പീടികയിൽ

157. കാതോലിക്കായുടെ പരമാധികാരം എക്കാലവും അംഗീകരിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനി – ഫാ. പി.സി. ഈപ്പൻ

159. കോട്ടയത്തിന്റെ ഓർമ്മകൾ – റ്റി. വർഗീസ് വർക്കി, താഴത്തങ്ങാടി

161. സ്വർഗ്ഗത്തിലെ രത്നദീപം – സി.സി. ചെറിയാൻ. സഭാ മുൻ മാനേജിംഗ് കമ്മറ്റി മെമ്പർ

162. കബറിലെ തിരുമൊഴികൾ – മെർലിൻ റ്റി. മാത്യു തണ്ടപ്ര പീടികയിൽ

164. പുത്തൻകാവിൽ കൊച്ചുതിരുമേനി മലങ്കരയുടെ ദാർശനികൻ – മാത്യു പി. ജോസഫ്, പ്രിൻസിപ്പൽ, കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട


165. സഭാഭാസുരൻ കണ്ടെത്തിയ രത്നദീപം – അഡ്വ. മാത്യു മാങ്കൂട്ടത്തിൽ – പ്രസിഡന്റ് മാർ പീലക്സിനോസ് ഫ്രണ്ട്സ് അസോസിയേഷൻ – യു.എ.ഇ




# ഉള്ളടക്കം



167



183



202


167. ദേശത്തിന്റെ പുണ്യം പുത്തൻകാവിൽ കൊച്ചുതിരുമേനി – കോശി ജോർജ്ജ് , കത്തീഡ്രൽ ട്രസ്റ്റി

168. ആത്മീയ തേജസ്സ്; പുത്തൻകാവിൽ കൊച്ചുതിരുമേനി – വർഗ്ഗീസ് തോമസ് – കത്തീഡ്രൽ സെക്രട്ടറി

169. പുത്തൻകാവിൽ കൊച്ചുതിരുമേനി; ഞങ്ങളുടെ നാടിന്റെ അനുഗ്രഹം – ജോസ് കെ. ജോർജ്ജ്, പുത്തൻകാവ്

170. മലങ്കരയുടെ രത്നദീപം – പ്രിയ ജേക്കബ്, പ്രിൻസിപ്പൽ എം.എച്ച്.എസ്.എസ്. പുത്തൻകാവ്

171. മലങ്കരയുടെ മാണിക്യം – ബാബു അലക്സാണ്ടർ, അവിരാതരകൻ പീടികയിൽ

172. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ നിത്യഹരിത ഓർമ്മകൾ – വെരി.റവ.സി. എം. ഫിലിപ്പോസ് റമ്പാൻ കോർ എപ്പിസ്കോപ്പ

173. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അനശ്വരമായ സ്മരണകൾ – വെരി.റവ.ടി.എം. സഖറിയ കോർ എപ്പിസ്കോപ്പ

174. കാലഘട്ടത്തെ ദീപ്തമാക്കിയ സഭയുടെ രത്നം – സജി പട്ടരുമഠം (സഭാ മാനേജിംഗ് കമ്മറ്റി മെമ്പർ)

175. പുത്തൻകാവിൽ കൊച്ചുതിരുമേനി മലങ്കരസഭയുടെ അപ്രഖ്യാപിത പരിശുദ്ധൻ – സുനിൽ പി.ഉമ്മൻ, അദ്ധ്യാപകൻ, പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹയർ സെക്കണ്ടറി സ്കൂൾ

178. ദിവംഗതനായ തിരുമേനി – എൻ. മീരാണൻ മീരാ റാവുത്തർ, പത്തനംതിട്ട

180. ആ അന്ത്യരംഗം – കവിരാജൻ മീരാപിള്ള

181. പുത്തൻകാവിൽ കൊച്ചുതിരുമേനി മതസൗഹാർദ്ദത്തിന്റെ പ്രതീകം – അബ്ദുൾ സലാം, പത്തനംതിട്ട

182. പുത്തൻകാവിൽ കൊച്ചുതിരുമേനിയും എന്റെ പിതാമഹനും – എൻ. അബ്ദുൾ ഖാദർ, പത്തനംതിട്ട

183. കുന്നംകുളത്തെ അന്ത്യരംഗവും പുത്തൻകാവിലേക്കുള്ള വിലാപയാത്രയും – സി.എൽ. ഇട്ടിമണി, കുന്നംകുളം

187. കാതോലിക്കേറ്റ് ഹൈസ്കൂളിലെ ആദ്യ ബാച്ചിലെ ഒരു വിദ്യാർത്ഥിയുടെ സ്മരണ – വെരി.റവ.ഫാ. സി.വി. ജോൺ കോർ എപ്പിസ്കോപ്പാ

188. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഡയറി കുറിപ്പുകൾ

കാതോലിക്കേറ്റ് രത്നദീപം രണ്ടാംഭാഗം

ചരിത്രപ്രസിദ്ധമായ പുത്തൻകാവ് പള്ളി

202. ചരിത്രത്തിൽ കൂടിയൊരു തീർത്ഥയാത്ര – ഫാ. രാജൻ വർഗീസ് (കത്തീഡ്രൽ വികാരി)

216. മലങ്കരസഭാ സ്വാതന്ത്ര്യം ഉയർത്തിപ്പിടിച്ച മാർത്തോമ്മ ആറാമനും മാർത്തോമ്മ എട്ടാമനും – ഫാ. ഡോ. എം.ഒ. ജോൺ

224. മാർ അന്ത്രയോസ് ബാവാ പുത്തൻകാവിന്റെ കാവൽപിതാവ് – കെ.കെ എബ്രഹാം പാങ്കാവിൽ

226. പുത്തൻകാവ് പള്ളി നാടിന്റെ ഐശ്വര്യം – ഡോ. കെ.എം. തരകൻ

228. പുത്തൻകാവിന്റെ പരിമളം – ഫാ. മാത്യു കോശി, കിഴക്കേതലയ്ക്കൽ, പിരളശ്ശേരി

# എഡിറ്റോറിയൽ

കാലം ചെയ്തുവെങ്കിലും കാലത്തിലൂടെ ജീവിച്ച്, കാലത്തിന്റെ കരുതലായി ചരിത്രത്തിന്റെ സമ്മാനമായി സമൂഹത്തിൽ, സഭയിൽ വല്ലപ്പോഴും വീണുകിട്ടുന്ന മഹാരഥന്മാർ ! അതും ചില നിർണായക ദശാസന്ധികളിൽ !.

അതേ മലങ്കര സഭയുടെ മഹാപുരോഹിതശ്രേണിയിലെ അനന്യ സാന്നിദ്ധ്യമായ പുത്തൻകാവിൽ കൊച്ചുതിരുമേനി.

ജന്മംകൊണ്ട് കുലപാരമ്പര്യത്തിലെ അനുഗ്രഹാശീർവാദങ്ങൾ സ്വീകരിച്ച് ബാല്യംകൊണ്ടും, യൗവനംകൊണ്ടും കൈകവരിച്ച വിദ്യാഭ്യാസ സമ്പന്നതകൾക്കും സമ്പൂർണതയുടെ പൂർത്തീകരണമായ ക്രിസ്തു ശാസ്ത്രവും ദൈവശാസ്ത്രവും കൂടാതെ ചരിത്ര നേട്ടങ്ങളെ കുറിച്ചും നേതാക്കളെക്കുറിച്ചുമുള്ള അറിവുകളും ആ വ്യക്തിത്വത്തിന് ശോഭയും മഹിമയും മാതൃകയും നൽകി.

വേദവിപരീതങ്ങളും പുനരൈക്യ പ്രസ്ഥാനങ്ങളും ഭാരതമണ്ണിന്റെയും പൗരസ്ത്യ സംസ്കാരത്തിന്റെയും ഭാഗമായി തീരുവാൻ അനുവദിക്കാതെ, ഉപരോധത്തിന്റെ ഉജ്വല പ്രതീകമായി വിശ്വാസ സമൂഹത്തിൽ ഉദിച്ചുയർന്ന നക്ഷത്ര ശോഭയായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി.

സരസ്വതി ക്ഷേത്രങ്ങളിലൂടെ ഉജ്ജ്വല ശിഷ്യഗണങ്ങളെയും അനന്തര തലമുറയേയും വാർത്തെടുക്കുവാൻ ജീവിതം തന്നെ ബലി കൊടുത്ത ഗുരുവര്യൻ മണ്ണും വിണ്ണും സംയോജിപ്പിക്കുന്ന വിധത്തിലുള്ള ആരാധനയിലൂടെ കാതോലിക്കേറ്റിന്റെ

സ്വാതന്ത്ര്യവും മാഹാത്മ്യവും എടുത്ത് കാണിച്ച് സത്യവിശ്വാസാചാര അനുഷ്ഠാനങ്ങളിലൂടെ തിരുസഭയുടെ വേദപുസ്താകാധിഷ്ഠിതമായ പാരമ്പര്യങ്ങളെക്കുറിച്ച് ശക്തവും വ്യക്തവുമായ ബോദ്ധ്യം തലമുറയ്ക്ക് പകർന്നുകൊടുത്ത പ്രാർത്ഥനാ വീരനും കർമധീരനും മാത്രമല്ല കാതോലിക്കേറ്റിന്റെ കനകകാന്തി തന്റെ ആത്മാവിന്റെ സൗന്ദര്യമായി തിരിച്ചറിഞ്ഞ് സഭാസ്വാതന്ത്ര്യത്തിന്റെ വിശ്വാസ സംരക്ഷണത്തിന്റെ ധീരയോദ്ധാവായി മലങ്കരയിൽ ഓടിനടന്ന കർമ്മയോഗിയുമാണ്,.

കുന്നംകുളം പ്രസംഗത്തിലൂടെ ഇപ്രകാരം ബോധിപ്പിച്ചു. ഞാൻ നാളെയോ മറ്റെന്നാളോ മരിച്ചു പോയേക്കാം സഭയോട് ഏതൊരു ശക്തി എതിർത്താലും അതിനെ നേരിടുവാൻ തക്കവണ്ണം നാം ദൈവത്തോടു പ്രാർത്ഥിക്കുകയും ദൈവത്തിൽ ആശ്രയിച്ചു പ്രവർത്തിക്കുകയും വേണം. സത്യവിശ്വാസം നിലനിൽക്കണം."

ഓർത്തോ ദുക്സോ പാരമ്പര്യത്തിന്റെ, വിശ്വാസത്തിന്റെ അടിസ്ഥാനമായ ആരാധനയുടെ ലഹരി തന്റെ സ്വരമാധുരിയിൽ ഭക്തസമൂഹത്തിന് സമ്മാനിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനി.

അൽപായുസ്സിൽ അതുല്യ ആവേശത്തോടെ, അസാമാന്യ ധീരതയോടെ, ഉറച്ച തീരുമാനങ്ങളോടെ, ദീർഘവീക്ഷണത്തോടെ തലമുറകൾക്ക് മനോഹര മാതൃക സമ്മാനിച്ച ധന്യജീവിതം.

കബറിലെ മൊഴികളിലൂടെ ജീവിക്കുകയാണ്.

മായാത്ത മന്ദഹാസവും മധുര സ്വരവും
പ്രൗഢ പ്രബോധനവും സന്തോഷപ്രദമായ സാമിപ്യവും
ആഴമായ പാണ്ഡിത്യവും

കൊണ്ട് ഈ തലമുറകളെ തന്നിലേക്ക് വശീകരിച്ചതിന്റെ അനന്തര ഫലമാണ് കബറിങ്കലെ ധൂപപ്രാർത്ഥനയും വിശ്വാസികളുടെ മുട്ടുകുത്തലും പ്രാർത്ഥനയും......

അതിജീവനത്തിന്റെ ആവേശമായി പ്രതീക്ഷയുടെ പ്രകാശമായി സ്നേഹത്തിന്റെ ഉജ്ജ്വല പ്രതീകമായി വിശ്വാസ സമൂഹത്തിൽ ഉദിച്ചുയർന്ന നക്ഷത്രശോഭ കാതോലിക്കേറ്റിന്റെ രത്നദീപം.

പുത്തൻകാവിൽ കൊച്ചുതിരുമേനി തലമുറകളിൽ ജീവിച്ച് എല്ലാ മതസ്ഥർക്കും സകല വിശ്വാസികൾക്കും ആ മദ്ധ്യസ്ഥതയിലൂടെ അനുഗ്രഹങ്ങളും സ്വർഗ്ഗീയ നൽവരങ്ങളും സ്വീകരിക്കുവാൻ ഇതാ ഒരു ചരിത്രഗ്രന്ഥം സമർപ്പിക്കുന്നു.

പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രൽ വികാരി ഫാ. രാജൻ വർഗീസ്, സഹവികാരി. ഫാ. ജാൾസൺ. പി. ജോർജ്ജ് , ട്രസ്റ്റി, സെക്രട്ടറി, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, പെരുന്നാൾ സുവനീർ കമ്മറ്റി അംഗങ്ങൾ ഏവരോടും കടപ്പെട്ടിരിക്കുന്നു. ജനറൽ കൺവീനർ സുനിൽ പി. ഉമ്മന്റെ ആവേശവും അത്യുൽസാഹവും ഇതിനെ പൂർണതയിലേക്ക് നയിക്കുകയാണ്.

പുത്തൻകാവിൽ കൊച്ചുതിരുമേനി കാലത്തിലൂടെ ജീവിക്കട്ടെ.



ഫാ. ബിജു റ്റി. മാത്യു

സ്നേഹാശംസകളോടെ

**ഫാ. ബിജു റ്റി. മാത്യു**, പുത്തൻകാവ്

(ചീഫ് എഡിറ്റർ), 9447275064

# ആശംസ

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജീവിതശൈലിയും ആദർശവും തന്മയത്തോടെ ഒപ്പി എടുത്ത ഒരു ചരിത്രഗ്രന്ഥം പുത്തൻകാവ് കത്തീഡ്രൽ വക പ്രസിദ്ധികരിക്കുമ്പോൾ അതിൽ പങ്കാളിയാവാൻ ദൈവം നൽകിയ കൃപയ്ക്ക് നന്ദി. കാതോലിക്കേറ്റ് രത്നദീപം പുത്തൻകാവിൽ കൊച്ചുതിരുമേനി മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് നൽകിയ ത്യാഗോജ്ജ്വലമായ സംഭാവനകൾ വിലയിരുത്തുവാൻ ആർക്ക് കഴിയും ?

20-ാം നൂറ്റാണ്ട് പിന്നീട്ട് 21-ാം നൂറ്റാണ്ടിലേക്ക് പ്രവേശിക്കുമ്പോൾ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ എങ്ങനെയായിരിക്കണമെന്ന് ദൈവാത്മാവിൽ മുൻകൂട്ടികണ്ട് അതിനനുസരണമായ നൂതനമായ പദ്ധതികൾക്ക് രൂപം നൽകി പ്രാവർത്തികമാക്കിയ ക്രാന്തദർശിയായ ഒരു യുഗാചാര്യനായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി. ആദ്ധ്യാത്മികവും ലൗകികവും ഭരണപരവും സാംസ്കാരികവും, സാമൂഹ്യവുമായ വിവിധമണ്ഡലങ്ങളിൽ തനതായ പ്രവർത്തനശൈലിയിലൂടെ വ്യക്തിമുദ്ര പതിപ്പിച്ച ആ പുണ്യ പുരുഷന്റെ ജീവചരിത്ര താളുകളിലൂടെ ശ്രദ്ധാപൂർവ്വം സഞ്ചരിക്കുന്ന ഏതൊരു വിശ്വാസിയും, കാതോലിക്കേറ്റു സിംഹാസനത്തിന്റെ കൊടിക്കീഴിൽ സത്യവിശ്വാസത്തിനുവേണ്ടി പടപൊരുതുവാനുള്ള ആർജ്ജവവും ആത്മബലവും ആർജ്ജിക്കുമെന്നതിൽ പക്ഷാന്തരമില്ല. അതിന് ഈ സുവനീർ മുഖാന്തിരമാകും എന്ന ശുഭപ്രതീക്ഷയാണ് ഇതിന്റെ പ്രസിദ്ധീകരണത്തിന് ഞങ്ങൾക്ക് ചോദനയായി ഭവിച്ചത്. അത് സാധിതമാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിൽ തനതായ സംഭാവനകൾ നൽകിയ പുത്തൻകാവ് പള്ളിയുടെ സംക്ഷിപ്ത ചരിത്രവും ഈ സുവനീറിൽ ഉൾപ്പെടുത്തുവാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. പണവും സൗകര്യങ്ങളും കുറവായിരുന്ന ഒരു കാലഘട്ടത്തിൽ സഭാസ്നേഹം മാത്രം കൈമുതലാക്കി പ്രവർത്തിച്ച നമ്മുടെ പൂർവ്വപിതാക്കന്മാരുടെ ഓർമ്മകൾ എല്ലാ കാലവും നമ്മളിൽ സജീവമായി ഉണ്ടാവണം.

മൂന്ന് പുണ്യപിതാക്കന്മാരുടെ വി. കബറിടങ്ങൾ സ്ഥിതിചെയ്യുന്ന ഈ ദേവാലയം മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രഖ്യാപിത തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നാണ്. നാനാജാതിമതസ്ഥരായ ആളുകൾക്ക് ഇന്ന് ഒരു ആശ്രയകേന്ദ്രമായി ഈ ദേവാലയം ശോഭിക്കുന്നു. ഈ പിതാക്കന്മാരുടെ മദ്ധ്യസ്ഥതയും പ്രാർത്ഥനയും എന്നും എല്ലാവർക്കും അനുഗ്രഹത്തിന് മുഖാന്തരമാണ്. അവർ കാണിച്ചുതന്ന ആദ്ധ്യാത്മിക പാതയിലൂടെ സഞ്ചരിക്കുവാൻ നാം കടപ്പെട്ടവരാണ്.

നമ്മുടെ സഭാവിശ്വാസം അചഞ്ചലമായി നിലനിർത്തുവാൻ പുത്തൻകാവിന്റെ മണ്ണിൽ ജനിച്ച് വളർന്ന പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ ജീവിതവും പ്രവർത്തനവും അന്ത്യവും നമുക്ക് പ്രേരകമായി തീരട്ടെയെന്ന് ആശംസിക്കുന്നു.



**നിങ്ങളുടെ വികാരിയച്ചൻ**

**ഫാ.രാജൻ വർഗ്ഗീസ്**
**9447596014**



# ആശംസ

പുത്തൻകാവ് കൊച്ചുതിരുമേനിയുടെ ജീവിതവും ദർശനവും എക്കാലവും പൊതു സമൂഹവും പ്രത്യേകിച്ച് ഓർത്തഡോക്സ് സഭയും സ്മരിക്കേണ്ടതാണ്. ഈ പുണ്യപിതാവിന്റെ മതസൗഹാർദവും, ദൈവഭക്തിയും, സഭാസ്നേഹവും പാർശ്വവൽക്കരിക്കപ്പെട്ട ജനതയോടുള്ള കരുതലും വിദ്യാഭ്യാസ പ്രവർത്തനങ്ങളും എല്ലാം പഠനവിഷയമാക്കേണ്ടതാണ്. യുവജനങ്ങൾക്ക് വലിയ പ്രചോദനം നൽകിയ ഒരു മഹാപുരോഹിതനായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി. തിരുമേനിയുടെ കബറിടം ഉൾകൊള്ളുന്ന പുത്തൻകാവ് കത്തീഡ്രലിൽ എന്റെ ഇടവക ശുശ്രൂഷയിൽ ആ ആത്മീയ ചൈതന്യം എനിക്ക് അനുഭവവേദ്യമാണ്. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജീവിതവിശുദ്ധിയും പുത്തൻകാവ് പള്ളിയുടെ മഹത്തായ പാരമ്പര്യവും മനസ്സിലാക്കുവാൻ ഈ പഠനഗ്രന്ഥം സഹായിക്കുമെന്നതിന് സംശയമില്ല. ഈ സുവനീർ പ്രസിദ്ധീകരണത്തിന് പ്രയത്നിച്ച ഏവർക്കും ആശംസകൾ നേരുന്നു.



കർത്തൃശുശ്രൂഷയിൽ
നിങ്ങളുടെ

04.04.15

**ജാൾസൺ അച്ചൻ**
(സഹവികാരി), 9539867510



# പ്രാർത്ഥനയോടെ...

1930 നവംബർ 2–ാം തീയതി പരുമല പള്ളിയുടെ വിശുദ്ധ മദ്ബഹായിൽ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ മുൻപിൽ എപ്പിസ്കോപ്പാ അഭിഷേകത്തിന് ചൊല്ലിയ സത്യപ്രതിജ്ഞ മരണം വരെ നെഞ്ചിനേറ്റി, തനിക്ക് കിട്ടിയ ചെറിയ കൈമുത്തുകൾ കൊണ്ട് സഭയുടെ പേരിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ച, അനേകരെ വൈദീകപദ വിലേക്ക് വരുവാൻ പ്രേരിപ്പിച്ച, സാധാരണക്കാരായ വിശ്വാസികളെ ഓർത്തഡോക്സ് സഭാ വിശ്വാസത്തിൽ പിടിച്ച് നിറുത്തിയ പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായ്ക്ക് കാലം ചെയ്ത് 64 വർഷങ്ങൾക്ക് ശേഷം അനശ്വരമായ അക്ഷരങ്ങൾകൊണ്ടുള്ള മാതൃ ഇടവകയായ പുത്തൻകാവ് കത്തീഡ്രലിന്റെ അശ്രുപൂജയാണ് ഈ സുവനീർ.

1930 മുതൽ 1951 വരെ തുമ്പമൺ ഭദ്രാസനാധിപനായി രത്നത്തെപ്പോലെ ശോഭിച്ച (രത്നദീപം) പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ആത്മീയ പ്രകാശം നാൾക്കുനാൾ സഭാവിശ്വാസികളുടെ ജീവിതത്തിൽ ഉണ്ടാകുന്നുവെന്നതിന് സംശയമില്ല.
തന്റെ സഭാവിശ്വാസത്തിൽ ഉറച്ച്നിന്നുകൊണ്ടുതന്നെ ഹൈന്ദവ, മുസ്ലീം ഇതര ക്രൈസ്തവ സമുദായത്തിലും ഉള്ള വ്യക്തികളുമായും നേതാക്കളുമായും മേൽപട്ടക്കാരുമായും വലിയ സ്നേഹബന്ധം തിരുമേനി പുലർത്തിയിരുന്നു. അതിന് ഈ സുവനീർ ഒരു തെളിവാണ്.

പരിശുദ്ധ യാക്കോബ് ത്രിതീയൻ ഇഗ്നാത്തിയോസ് പാത്രിയാർക്കീസ് ബാവായും, പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായും സംയുക്തമായി വിളിച്ചു ചേർത്ത 1958 ഡിസംബർ 26–ാം തീയതിയിലെ ചരിത്രപ്രസിദ്ധമായ പുത്തൻകാവ് അസോസ്സിയേഷനിൽ മലങ്കര സഭ ഒന്നായപ്പോൾ നടന്ന വികാരനിർഭരമായ രംഗങ്ങൾ ഉൾപ്പെടുത്തിയ ഈ സുവിനീറിന്റെ രണ്ടാം ഭാഗം ശ്രദ്ധേയമാണ്. പുത്തൻകാവ് പള്ളിക്ക് കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിലുള്ള അദ്വിതീയമായ സ്ഥാനം ഇതിൽ വ്യക്തമാണ്.

എന്നെപ്പോലെ പതിനായിരങ്ങൾക്ക് തങ്ങളുടെ പൂർവ്വീകർ വിശ്വസിച്ച സഭയിൽ ജീവിക്കുവാൻ അവസരം നൽകിയ പുണ്യപിതാവാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി. പുത്തൻകാവിൽ കൊച്ചുതിരുമേനി റീത്ത് പ്രസ്ഥാനത്തിൽ ചേർന്നിരുന്നെങ്കിൽ ഇന്ന് ഞാൻ ഓർത്തഡോക്സ് സഭയിൽ കാണുകയില്ലായിരുന്നു. അദ്ദേഹത്തെ ജീവനുതുല്യം സ്നേഹിച്ച പതിനായിരക്കണക്കിന് വിശ്വാസികളുടെയും സ്ഥിതിയും അതുതന്നെയാകുമായിരുന്നു. ദ്രവ്യാഗ്രഹം മനുഷ്യനെ നിലം പതിപ്പിക്കും എന്ന തിരുമേനിയുടെ വിശ്വാസം ഇന്നും പ്രസക്തമാണ്.

മലങ്കരസഭയിൽ പുത്തൻകാവിൽ കൊച്ചുതിരുമേനിക്ക് പൗരസ്ത്യസഭയെ സംഗീത സാന്ദ്രമാക്കിയ മാർ അപ്രേമിനോടും പ്രഭാഷണ മുഖരിതമാക്കിയ സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിനോടും തുല്യമായ സ്ഥാനമാണ് ഉള്ളത്.
അത്യപൂർവ്വമായി മാത്രം ജനിക്കുന്ന ചില മഹാപ്രതിഭകൾ ജീവിതത്തിന്റെ വ്യത്യസ്ത മണ്ഡലങ്ങളിൽ ചില പ്രത്യേക മുഹൂർത്തങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ട്. അങ്ങനെ മലങ്കര സഭയിൽ ജന്മമെടുത്ത ഒരു ധ്രുവ നക്ഷത്രമാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി.
പുത്തൻകാവിൽ കൊച്ചുതിരുമേനിയെ അടുത്തുനിന്നോ അകലെനിന്നോ കാണുകയോ ആ മധുരനാദം ഒരിക്കലെങ്കിലും കേൾക്കുകയോ ചെയ്തിട്ടുള്ള ആരും ഈ പുണ്യപിതാവ് മലങ്കരസഭയ്ക്ക് ദൈവം നൽകിയ അനുഗ്രഹമാണെന്ന് ജീവിതകാലം മുഴുവൻ സാക്ഷ്യപ്പെടുത്തിട്ടുണ്ട്.

"എന്റെ ദൈവം എന്റെ സഭ" എന്ന് നെഞ്ചത്ത് കൈവച്ച് പറയുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി വട്ടശ്ശേരിൽ തിരുമേനിയുടെ "പടത്തലവൻ" ആയിരുന്നു.
തിരുമേനിയുടെ ഭൗതിക ശരീരം പുത്തൻകാവ് തെരുവിൽ പ്രവേശിച്ചപ്പോൾ മാറത്ത് അടിച്ച് നിലവിളിച്ച സ്ത്രീകളുടെ ശബ്ദം ഇന്നും ഈ മണ്ണിൽ പ്രതിധ്വനിക്കുന്നു. ജനകീയനായ ആത്മീയനായ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പ്രാർത്ഥന എക്കാലവും ഞങ്ങൾക്ക് ആത്മീയ ശക്തിയായിരിക്കും എന്നതിന് സംശയമില്ല. അഭിമാനത്തോടെ, നിറകണ്ണുകളോടെ കേരളീയ സമൂഹം ഈ സുവനീർ സ്വീകരിക്കുമെന്ന് വിശ്വസിക്കുന്നു.



സുനിൽ പി. ഉമ്മൻ

സ്നേഹാശംസകളോടെ

10-4-2015

**സുനിൽ പി. ഉമ്മൻ**

(ജനറൽ കൺവീനർ), 9447345323



# ലേഖനങ്ങൾ


♦ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കബാവാ ♦ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ ♦ ഡോ. പി.സി. അലക്സാണ്ടർ (മഹാരാഷ്ട്ര മുൻ ഗവർണർ)
♦ മഹാകവി പുത്തൻകാവ് മാത്തൻ തരകൻ ♦ അഭിവന്ദ്യ ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത
♦ ഫാ. ഡോ. ടി.ജെ.ജോഷ്വാ ♦ ഫാ. ഡോ. സി.റ്റി. ഈപ്പൻ ♦ ഫാ. ഡോ. പി.എസ്. ശമുവേൽ കോർ എപ്പിസ്കോപ്പാ
♦ ഫാ. എം.എ. തോമസ് (മാർത്തോമ്മ സഭ) ♦ എൻ മീരാണൻ മീരാറാവുത്തർ, പത്തനംതിട്ട
♦ കവിരാജൻ മീരാപിള്ള, പത്തനംതിട്ട ♦ അബ്ദുൾസലാം, പത്തനംതിട്ട ♦ എൻ. അബ്ദുൾ ഖാദർ, പത്തനംതിട്ട
♦ ബേബി ചാൾസ്, റിട്ട. എസ്.പി. (സി.എസ്.ഐ. സഭാംഗം) ♦ പി.എം. നാരായണൻ, പിരളശ്ശേരി

# പുത്തൻകാവിൽ കൊച്ചുതിരുമേനി

# കാതോലിക്കേറ്റിന്റെ കാവൽ ഭടൻ

## : പരിശുദ്ധ കാതോലിക്ക ബാവ



*(2013 ഏപ്രിൽ 17-ാം തീയതി പുത്തൻകാവിൽ കൊച്ചുതിരുമേനിയെ 'കാതോലിക്കേറ്റ് രത്നദീപം" എന്ന നാമം നൽകി ബഹുമാനിച്ച സമ്മേളനത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കബാവാ നടത്തിയ ഉദ്ഘാടന പ്രസംഗത്തിന്റെ പൂർണ്ണരൂപം*
*തയ്യാറാക്കിയത് : സുനിൽ പി. ഉമ്മൻ )*

ഈ യോഗത്തിന്റെ അദ്ധ്യക്ഷനും ചെങ്ങന്നൂർ ഭദ്രാസനാധിപനുമായ തോമസ് മാർ അത്താനാസിയോസ്, ആറാം മാർത്തോമ്മായുടെ പേരിലുള്ള മാർത്തോമ്മാ അവാർഡ് ബഹുമാനപ്പെട്ട ജോഷ്വാ അച്ചന് നൽകുന്ന ഭാരതത്തിന്റെ പരമോന്നത നീതിപീഠത്തിൽ നിന്ന് റിട്ടയർ ചെയ്ത പത്മഭൂഷൺ കെ. ടി. തോമസ്, വേദിയിൽ ഉപവിഷ്ടരായ അഭിവന്ദ്യ പിതാക്കന്മാരെ വൈദികരുടെ ഗുരുനാഥൻ ആയ ഡോ. ടി.ജെ. ജോഷ്വാ അച്ചൻ, വിഷ്ണുനാഥ് എം. എൽ. എ., ഭദ്രാസന സെക്രട്ടറി തോമസ് കൊക്കാപറമ്പിൽ അച്ചൻ, യു. എ. ഇ. ചാപ്റ്റർ മാർ പീലക്സിനോസ് മെമ്മോറിയൽ ഫ്രണ്ട് അസോസിയേഷൻ പ്രതിനിധി അഡ്വ. എം.വി. മാത്യു ഈ ചടങ്ങിന്റെ ജനറൽ കൺവീനർ സുനിൽ പി. ഉമ്മൻ, വികാരി ഫാ. മത്തായി കുന്നിൽ, സി. എം. ഫിലിപ്പോസ് റമ്പാച്ചൻ വേദിയിലും സദസിലും ഇരിക്കുന്ന വൈദികശ്രേഷ്ഠരെ, മാതാപിതാക്കളെ വാത്സല്യമുള്ള കുഞ്ഞുങ്ങളെ,മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ഇന്ന് വളരെ ആഹ്ലാദകരമായ സുദിനമാണ്. വിശിഷ്യ ചെങ്ങന്നൂർ ഭദ്രാസനത്തിനും പുത്തൻകാവ് ഇടവകയ്ക്കും അത്യാഹ്ലാദം നിറഞ്ഞ മുഹൂർത്തമാണ്. അതിന് കാരണം മറ്റൊന്നുമല്ല, മലങ്കരസഭയിൽ എല്ലാ തലത്തിലും നിറഞ്ഞു നിന്നിരുന്ന "പുത്തൻകാവിൽ കൊച്ചുതിരുമേനി" എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന ഗീവറുഗീസ് മാർ പീലക്സിനോസിനെ പരിശുദ്ധ സഭ ഒരു ഉചിതമായ നാമം നൽകി ആദരിക്കുന്ന സുദിനമാണിന്ന്. ഏതാനും മാസങ്ങൾക്ക് മുമ്പ് യു. എ. ഇ. യിലെ ഒരു ദേവാലയം സന്ദർശിച്ചപ്പോൾ വളരെ സ്നേഹമുള്ള ഒരു ചെറുപ്പക്കാരൻ വന്ന് ഒരു കവറിൽ ഒരു അപേക്ഷ എനിക്കു നൽകി. അതിൽ അദ്ദേഹം ആവശ്യപ്പെട്ടത് പുത്തൻകാവിൽ കൊച്ചുതിരുമേനിയെ പരിശുദ്ധ സഭ ആദരിച്ച് ഒരു ബഹുമാനനാമം പ്രഖ്യാപിക്കണമെന്നാണ്. തീർച്ചയായും അത് വളരെ ഉചിതമായ ഒരു ആഗ്രഹവും പരിശുദ്ധ സഭ നേരത്തെ ചെയ്യേണ്ടതുമായ ഒരു കർത്തവ്യവുമാണെന്ന് ആ സമയത്ത് തന്നെ എനിക്കു തോന്നാതിരുന്നില്ല. പിന്നീട് അതിനുള്ള നടപടിക്രമങ്ങൾ വളരെ വേഗത്തിൽ ആരംഭിച്ചു. 2013 ഫെബ്രുവരിയിൽ സമ്മേളിച്ച പരിശുദ്ധ സുന്നഹദോസിൽ ഈ വിഷയം ചർച്ച ചെയ്തു ഉചിതമായ ഒരു നാമം നൽകുവാൻ പരിശുദ്ധ സുന്നഹദോസ് അന്ന് തീരുമാനം എടുത്തു.

**'കാതോലിക്കേറ്റ് രത്നദീപം'** എന്നുള്ള നാമമാണ് പരിശുദ്ധ സഭ അന്ന് നൽകുവാൻ തീരുമാനിച്ചത്. പല പേരുകൾ പലരും ശ്രദ്ധയിൽ കൊണ്ടുവന്നു. പക്ഷേ കാലം ചെയ്ത കൊച്ചു തിരുമേനിയുടെ ജീവിതവും ദൗത്യവും അദ്ദേഹത്തിന്റെ പ്രസംഗങ്ങളും പ്രഭാഷണങ്ങളും എല്ലാം ഉൾക്കൊള്ളുമ്പോൾ കാതോലിക്കേറ്റ് എന്ന പദം കൂടാതെ അദ്ദേഹത്തെ അറിയുക എന്നത് ഉചിതമല്ലെന്ന് എല്ലാം പിതാക്കന്മാരും ഒരുപോലെ അഭിപ്രായപ്പെട്ടു. വ്യക്തിപരമായി ഈ വന്ദ്യ പിതാവിനോട് കുന്നംകുളത്തുകാർക്കും എനിക്കും ഏറെ ബന്ധമുണ്ട്. അത് എന്താണെന്ന് നിങ്ങൾക്ക് അറിയാം. പുത്തൻകാവിൽ നിന്ന് കുന്നംകുളത്ത് എത്താൻ ഇപ്പോൾ ഒരു വിദേശകാറിൽ യാത്ര ചെയ്താൽ 5 മണിക്കൂർ മതി. 5 മണിക്കൂർ 21-ാം നൂറ്റാണ്ടിൽ കാറിൽ യാത്ര ചെയ്ത് എത്തേണ്ട സ്ഥലത്തേക്ക് 62 വർഷങ്ങൾക്ക് മുമ്പ് എല്ലാ വർഷവും കുന്നംകുളത്ത് എത്തുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി എത്ര മാത്രം ക്ലേശം സഹിച്ചിരിക്കും. ഞാൻ മനസ്സിലാക്കുന്നത് ശരിയാണെങ്കിൽ, കൊച്ചുതിരുമേനി അന്ത്യശ്വാസം വലിക്കുന്ന സമയത്ത് ഇവിടെ ഇരിക്കുന്ന പി.എസ്. ശമുവേൽ അച്ചൻ ഒരു കൊച്ചു ശെമ്മാശനായി തിരുമേനിയോട് ഒപ്പം ഉണ്ടായിരുന്നു.

കൊച്ചുതിരുമേനി കുന്നംകുളത്ത് നിന്ന് മരത്തംകോട് വഴിയാണ് മടക്കയാത്ര തിരിച്ചത്. അതിന് കാരണം പുത്തൻകാവിന് അടുത്തുള്ള ഓമല്ലൂർ സ്വദേശിയായ കുര്യാക്കോസ് അച്ചനെ മരത്തംകോട് പള്ളി വികാരിയായി ക്രമീകരിച്ചത് കൊച്ചുതിരുമേനി ആയിരുന്നു. അദ്ദേഹത്തെ കണ്ട് സൗഹൃദം പറഞ്ഞ് മടങ്ങാമെന്ന ആഗ്രഹത്തിൽ ആണ് മരത്തംകോട് വഴി യാത്ര തിരിച്ചത്. മരത്തംകോട് എന്ന ഗ്രാമത്തോട് അടുത്തപ്പോൾ ഈ പിതാവിന് നെഞ്ചുവേദന കൂടി. മരത്തംകോട് ദേവാലയത്തിന് സമീപം കാർ നിർത്തി ആ ദേവാലയത്തിലെ ചെറിയ മുറിയിൽ പ്രവേശിച്ചു. അവിടെ ആളുകൾ ഓടിക്കൂടി കിട്ടാവുന്ന വൈദ്യസഹായവും പരിചരണവും എല്ലാം ചെയ്തു. ഒരുപക്ഷേ ദൈവത്തിന്റെ നിയോഗമായിരിക്കാം, കൊച്ചുതിരുമേനിക്ക് ഏറ്റവും സ്നേഹമുള്ള, അദ്ദേഹത്തിന്റെ സ്നേഹത്തിന്റെ അളവുകോൽ മനസ്സിലാക്കിയിട്ടുള്ള കുന്നംകുളത്ത്, അവസാന പ്രസംഗം പറയുമ്പോഴും കാതോലിക്കേറ്റിനെക്കുറിച്ചും ഏറെ വാചാലമായി അദ്ദേഹം പ്രസംഗിച്ച മണ്ണിൽ വച്ചാണ് മലങ്കരസഭ വാവിട്ട് നിലവിളിക്കാൻ തക്കവണ്ണം പെട്ടെന്ന് ആ പിതാവ് നമ്മിൽ നിന്ന് വേർപെട്ട് സ്വർഗ്ഗത്തിലേക്ക് യാത്ര ആവുന്നത്. അത് ഇന്നും കുന്നംകുളത്തുകാരെ സംബന്ധിച്ച് വളരെ വേദന ഉളവാക്കുന്ന സംഭവമാണ്. അന്ന് മുതൽ ഈ 62 വർഷക്കാലവും അവിടെ തിരുമേനിയുടെ പെരുന്നാൾ സമുചിതമായി ആചരിക്കാറുണ്ട്. കുന്നംകുളത്ത് നിന്ന് ഏതാനും ആളുകൾ ഇന്നും ഇവിടെ വന്നിട്ടുണ്ട്. കൊച്ചുതിരുമേനി, പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് വലിയ ബലവും ഊർജ്ജവും ശക്തിയും നൽകിയ പ്രബലനായ ഒരു യുവ മേൽപട്ടക്കാരൻ ആയിരുന്നു.

54 വയസ്സ് എന്നത് വലിയ പ്രായം ഒന്നുമല്ലല്ലോ. കൊച്ചുതിരുമേനി അന്ന് വിദ്യാഭ്യാസ വിഷയത്തിൽ ഉന്നതമായ ബിരുദം നേടി വളരെ ഗംഭീരമായ പ്രസംഗം നടത്തി. അതുപോലെ സഭയുടെ എല്ലാ മേഖലകളിലും അദ്ദേഹം നിറഞ്ഞുനിന്നു. എല്ലാം കാതോലിക്കേറ്റിന് എന്ന ചിന്തയുമായി എല്ലാ തലങ്ങളിലും സഭ ഒരു ശരീരം എന്ന നിലയിൽ പ്രാദേശികമായിട്ട് ഒന്നും ഒരു വ്യത്യാസവും കൂടാതെ എല്ലായിടത്തും കൊച്ചു തിരുമേനിയുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ഏകദേശം 75 വയസ്സ് പ്രായമുള്ളവർ കൊച്ചുതിരുമേനിയുടെ ശബ്ദം കേട്ടിട്ടുണ്ട്. കുന്നംകുളത്ത് ഇപ്പോൾ ഉള്ള കാരണവന്മാർ വികാരാവേശത്തോടെ ആ ശബ്ദമാധുര്യം ഓർമ്മിക്കാറുണ്ട്. ഗാനകോകിലം എന്ന് വെറുതെ പറയുന്നതല്ല. അദ്ദേഹത്തിന്റെ ഗാനം അത്രയും മധുരതരമായിരുന്നുവെന്ന് പിതാക്കന്മാർ പറയുന്നത് കേട്ടിട്ടുണ്ട്. അതുപോലെ ഒരു വാഗ്മി എന്ന് പറയത്തക്കവിധത്തിലുള്ള പ്രൗഢഗംഭീരമായ വാക്‌വൈഭവം അദ്ദേഹത്തിന്റെ പ്രസംഗങ്ങൾക്ക് ഉണ്ടായിരുന്നു. കാതോലിക്കേറ്റിനെ കുറിച്ച് സാധാരണക്കാർക്ക് പോലും മനസ്സിലാകുംവിധം അദ്ദേഹം വിവരിക്കുമായിരുന്നു. വലിയ ദീർഘവീക്ഷണത്തോടെ സഭയുടെ സ്വാതന്ത്ര്യത്തിന്റെ പൊരുൾ ആളുകളുടെ മനസ്സിലേക്ക് കടന്നു ചെല്ലത്തക്കവിധം ആശയങ്ങൾ അവതരിപ്പിക്കാനുള്ള അസാമാന്യ കഴിവ് അദ്ദേഹത്തിന് ഉണ്ടായിരുന്നു. പുത്തൻകാവിൽ ഉള്ളവരോട് കൊച്ചുതിരുമേനിയെ കുറിച്ച് ഞാൻ എന്തെങ്കിലും പറയുന്നത് അധികപ്പറ്റാണെന്ന് അറിയായ്കയല്ല. ഞാൻ പറയുന്നത് എന്റെ പശ്ചാത്തലത്തിൽ നിന്നു കൊണ്ടുള്ള കൊച്ചുതിരുമേനിയെ കുറിച്ചാണ്. തുമ്പമൺ ഭദ്രാസനത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ അതിന്റെ ദ്വിതീയ മെത്രാപ്പോലീത്താ പരിശുദ്ധ പരുമല തിരുമേനിയായിരുന്നുവെന്നത് വലിയ ഒരു പദവിയാണ്. പിന്നീട് വന്ന പിതാക്കന്മാർ ഒക്കെ തന്നെ അതിപ്രശസ്തമായി സഭയെ നയിച്ചിട്ടുള്ളവരാണ്. കൊച്ചുതിരുമേനി ഈ ഭദ്രാസനത്തെ അങ്ങനെ നയിച്ചതാണ്. അന്നത്തെ തുമ്പമൺ ഭദ്രാസനം ഇന്നത്തെ ചെങ്ങന്നൂർ ഭദ്രാസനവും നിലയ്ക്കൽ ഭദ്രാസനവും ഒക്കെ ഉൾപ്പെട്ടതാണ്. ബഥേൽ എന്നു പറയുന്ന വളരെ പരിമിതമായ സൗകര്യങ്ങൾ ഉള്ള സ്ഥലത്ത് തിരുമേനി താമസിച്ചു. പറന്തൽ പള്ളിയുടെ സ്ഥാപനം നമുക്ക് അറിയാം. തിരുമേനിയുടെ ചിന്ത എന്നു പറയുന്നത് വളരെ ഉയർന്ന തലത്തിൽ ആയിരുന്നു. ബേസിൽ ദയറ ഉണ്ടാകുന്നത് തിരുമേനിയുടെ പ്രത്യേക പരിശ്രമത്തിലാണ് അവിടെ ഉണ്ടായിരുന്ന വൈദികർ വളരെ പ്രഗൽഭരായിരുന്നു. നല്ല കുടുംബത്തിൽ നിന്ന് ഉന്നതമായ വിദ്യാഭ്യാസം നേടിയിട്ടുള്ള അനേകം ചെറുപ്പക്കാരെ സഭാപ്രവർത്തനത്തിലേക്ക് തിരുമേനിക്ക് ആകർഷിക്കുവാൻ കഴിഞ്ഞിരുന്നു. അങ്ങനെ സഭയെക്കുറിച്ചുള്ള ഒത്തിരി സ്വപ്നങ്ങൾ മനസ്സിൽ കാത്തുസൂക്ഷിച്ച് പ്രാവർത്തികമാക്കി.


മലങ്കരയുടെ യുവതേജസ്സ്

"നല്ല പോർ പൊരുതു, ഓട്ടം തികച്ചു" എന്ന ബൈബിൾ വചനം അക്ഷരാർത്ഥത്തിൽ പറയാൻ തക്കവണ്ണം കൊച്ചു തിരുമേനി സഭയുടെ അമൂല്യ നിധിയായിരുന്നു. 62-ാം ഓർമ്മ പ്പെരുന്നാൾ ആണ് നാം ആചരിക്കുന്നത്. ആ തിരുമേനിയെ ഇപ്പോഴെങ്കിലും നമുക്ക് ആദരിച്ച് സാധാരണക്കാരുടെ മനസ്സിൽ തിരുമേനിയെക്കുറിച്ച് കൂടുതൽ ആശയങ്ങളും തിരുമേനിയുടെ വ്യക്തിത്വവും പകർന്ന് കൊടുക്കുവാൻ തക്കവണ്ണം ഇ പ്രകാരമുള്ള സ്ഥാനനാമം നൽകി ആദരിച്ചത് ഉചിതമായി എന്നു മാത്രമേ എനിക്കു പറയാൻ ഉള്ളു. ഞാൻ എന്റെ വാക്കുകൾ ഇവിടെ ചുരുക്കട്ടെ.

> അന്ന് പുത്തൻകാവിൽ ഉണ്ടായിരുന്ന കാരണവന്മാർ ആ പിതാവിന് വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുത്തു എന്ന് പറയുമ്പോൾ മലങ്കരസഭയിൽ ഈ ദേവാലയത്തിനുള്ള സ്ഥാനം അദ്വിതീയമാണെന്നാണ് എന്റെ വിചാരം.

പുത്തൻകാവ് ദേവാലയത്തിന്റെ പ്രാധാന്യം ഒട്ടും ചെറുതല്ല. 43 വർഷക്കാലം മലങ്കരസഭയുടെ പരമാദ്ധ്യക്ഷന്റെ ഒരു അരമന എന്ന നിലയിൽ താമസിക്കുവാനും മലങ്കരസഭയുടെ ഭരണം നടത്തുവാനും തക്കവണ്ണം സൗകര്യം ഒരുക്കിയ ദേവാലയമാണ് പുത്തൻകാവ് പള്ളി. ഇന്നത്തെ ദേവലോകം അരമനയുടെ പദവി ഒരുകാലത്ത് പുത്തൻകാവിന് ഉണ്ടായിരുന്നു. 43 വർഷക്കാലം സഭയുടെ ഒരു പരമാദ്ധ്യക്ഷന് ഈ ദേവാലയത്തിൽ താമസിച്ച് സഭയുടെ ഭരണം നടത്തുവാൻ തക്കവണ്ണമുള്ള സൗകര്യവും സാഹചര്യവും അന്നുണ്ടായിരുന്നുവെന്ന് പറയുമ്പോൾ അത് അത്ര നിസ്സാരമായി കാണാൻ ഒക്കുകയില്ല. നമ്മുടെ സഭയുടെ ആദ്യ കാലഘട്ടത്തിൽ കൂനൻ കുരിശ് സത്യത്തിനുശേഷം മലങ്കരസഭയെ നയിച്ചിരുന്ന പിതാക്കന്മാർ എല്ലാം അറിയപ്പെട്ടിരുന്നത് മാർത്തോമ്മാ ഒന്നാമൻ, രണ്ടാമൻ, മൂന്നാമൻ, നാലാമൻ എന്നുള്ള പേരിലാണ്. അതിൽ ആറാം മാർത്തോമ്മാ എന്ന് പറയുന്ന വലിയ മാർ ദിവന്നാസ്യോസ് അതിപ്രഗത്ഭനായിരുന്നു. വളരെയധികം വേദനകളും ദുഃഖങ്ങളും യാതനകളും അദ്ദേഹം അനുഭവിച്ചിട്ടുണ്ടെന്ന് ചരിത്രത്തിലൂടെ വായിച്ചറിഞ്ഞിട്ടുണ്ട്. ഈ സന്ദർഭങ്ങളിൽ ഒക്കെ പുത്തൻകാവിലെ ദേവാലയത്തിൽ താമസിച്ചു. അന്ന് പുത്തൻകാവിൽ ഉണ്ടായിരുന്ന കാരണവന്മാർ ആ പിതാവിന് വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുത്തു എന്ന് പറയുമ്പോൾ മലങ്കരസഭയിൽ ഈ ദേവാലയത്തിനുള്ള സ്ഥാനം അദ്വിതീയമാണെന്നാണ് എന്റെ വിചാരം. അങ്ങനെ ഒരുപക്ഷേ മറ്റൊരു ദേവാലയത്തിനും 43 വർഷക്കാലം ഒരു സഭയുടെ പരമാദ്ധ്യക്ഷൻ താമസിച്ചിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. എന്റെ പരിമിതമായ അറിവുകളിൽ നിന്നുകൊണ്ട് ആ നിലയിൽ ചിന്തിക്കുമ്പോൾ ഈ ഇടവകക്കാരോടും ഈ ഭദ്രാസനത്തിലെ വിശ്വാസികളോടും സ്നേഹവും ആദരവും കടപ്പാടും മലങ്കരസഭയ്ക്ക് ഉണ്ട് എന്നാണ് എന്റെ വിചാരം.

പുത്തൻകാവിൽ കൊച്ചുതിരുമേനി ഗാനകോകിലമായിരുന്നു അദ്ദേഹം കാതോലിക്കേറ്റിന്റെ കാവൽഭടനായിരുന്നു. അദ്ദേഹം മലങ്കര സഭയിൽ നിറഞ്ഞു നിന്നിരുന്നു. യാതൊരു പ്രാദേശിക ഭാവം കൂടാതെ. തെക്കെന്നോ വടക്കെന്നോ കിഴക്കെന്നോ പടിഞ്ഞാറെന്നോ ഉള്ള വ്യത്യാസം കൂടാതെ എല്ലാ സ്ഥലങ്ങളിലേക്കും യാത്ര ചെയ്ത് മലങ്കരയുടെ മക്കൾ എവിടെ എല്ലാം ഉണ്ടോ അവിടെ എല്ലാം കൊച്ചുതിരുമേനിയുടെ സാന്നിദ്ധ്യം ഉണ്ട്. ഏതൊരു കൊച്ചുകുട്ടിക്കും എടുത്തു പറയത്തക്കവിധം തിരുമേനിയുടെ ക്ലേശപൂർണ്ണമായ യാത്ര ആരോഗ്യത്തെ അവഗണിച്ചുകൊണ്ടുള്ള പ്രവർത്തനം, ഇതൊക്കെ കൊച്ചുതിരുമേനിയുടെ പ്രധാന യോഗ്യതയായിട്ട് എനിക്ക് തോന്നിയിട്ടുണ്ട്. എല്ലാ കാതോലിക്കേറ്റിനെന്ന നിലയിൽ ആണ് തിരുമേനി എന്നും പ്രവർത്തിച്ചിട്ടുള്ളത്. തീർച്ചയായും ഈ തിരുമേനിയുടെ ധന്യനാമം വാഴ്ത്തപ്പെടട്ടെ. ഈ തിരുമേനിയെ സഭ ഇന്ന് ആദരിക്കുമ്പോൾ ആ തിരുമേനിയോടുള്ള സഭയുടെ കടപ്പാട് അല്പമായിട്ടെങ്കിലും നിറവേറ്റുവാൻ തക്കവണ്ണം ഇത് മുഖാന്തരമായി തീരട്ടെ. ഈ കൊച്ചുതിരുമേനിയുടെ പ്രാർത്ഥന നമുക്ക് വലിയ മാർഗ്ഗദർശനവും ശക്തിയും കോട്ടയുമാകട്ടെ, ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.


## പുത്തൻകാവിൽ കൊച്ചുതിരുമേനി മലങ്കരയുടെ കൺവൻഷൻ ശിൽപി

മദ്ധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷൻ എന്ന പേരിലറിയപ്പെടുന്ന മാക്കാംകുന്ന് കൺവൻഷന്റെ ശിൽപിയായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി. പ്രൊട്ടസ്റ്റന്റുകാരുടെ കൺവൻഷനുകളിൽ സായിപ്പ്മാരുടെ സാന്നിദ്ധ്യം സാധാരണക്കാരെ കൂട്ടിവരുന്നതിലെ പ്രധാന ഘടകമായിരുന്നു. 1917-ൽ മാക്കാംകുന്ന് കൺവൻഷൻ ആരംഭിച്ചപ്പോൾ തിരുമേനി കൊണ്ടുവന്നത് ഭാരതീയ ക്രിസ്തുവാഹകനായ സാധുസുന്ദർ സിംഗിനെയാണ്.

1943-ൽ കല്ലൂപ്പാറ കൺവൻഷൻ ആരംഭിച്ചപ്പോൾ അതിന്റെ ഉദ്ഘാടകൻ പുത്തൻകാവിൽ കൊച്ചുതിരുമേനി ആയിരുന്നു. പഴഞ്ഞി, കോട്ടയം, നിലയ്ക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ കൺവൻഷനുകൾ ആരംഭിച്ചപ്പോൾ കൊച്ചുതിരുമേനിയുടെ സാന്നിദ്ധ്യം സഭാമക്കൾക്ക് ആവേശമായിരുന്നു. കൺവൻഷൻ യോഗങ്ങളിൽ രണ്ടും മൂന്നും മണിക്കൂറുകൾ തുടർച്ചയായി കൊച്ചുതിരുമേനി പ്രസംഗിക്കുമായിരുന്നു. തിരുമേനിയുടെ പ്രഭാഷണങ്ങൾ സംഗീതസാന്ദ്രമായിരുന്നു. മനുഷ്യമനസ്സുകളിൽ പ്രത്യാശയുടെ പൊൻകിരണങ്ങൾ ഉണ്ടാക്കുവാൻ ആ പ്രഭാഷണങ്ങൾക്ക് കഴിഞ്ഞു.

# പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അരുമശിഷ്യർ


പരിശുദ്ധ ബസേലിയോസ് മർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവ


പരിശുദ്ധ ബസേലിയോസ് മർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവ


ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ


ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ


വെരി.റവ.തേയോഫോറസ് റമ്പാൻ കോർ–എപ്പിസ്കോപ്പാ


ഫാ. പി.ജി. ജോർജ്ജ്



ഫാ. സി.വി. മാത്യൂസ്



ഫാ.എ.എം. വർഗീസ് പറന്തൽ

## ജീവിച്ചിരിക്കുന്ന ശിഷ്യർ


ഫാ. ഡോ. ടി.ജെ. ജോഷ്വാ


വെരി.റവ.അപ്രേം റമ്പാൻ (മൈലപ്ര)
96–ാം വയസ്സിലും
2014 ഏപ്രിൽ 17 ന് നടന്ന
പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ
ഓർമ്മപ്പെരുന്നാളിന് റമ്പാച്ചൻ പങ്കെടുത്തു.


ഫാ.ഡോ.എം.കെ.തോമസ്
അമേരിക്ക


ഫാ.ഡോ. പി.എസ്. ശമുവേൽ
കോർ–എപ്പിസ്കോപ്പ
(അമേരിക്ക)

ലഭ്യമായ ശിഷ്യരുടെ ചിത്രങ്ങൾ മാത്രമാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

# പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ബഹുമാന നാമപ്രഖ്യാപന ചടങ്ങിനും 2013-ലെ സംയുക്ത ഓർമ്മപ്പെരുന്നാളിനും രൂപീകരിച്ച കമ്മറ്റിയുടെ ഭാരവാഹികൾ


അഭിവന്ദ്യ തോമസ് മാർ
അത്തനാസ്യോസ് മെത്രാപ്പോലീത്ത
(രക്ഷാധികാരി)


വെരി. റവ. സി.എം. ഫിലിപ്പോസ്
റമ്പാൻ കോർ എപ്പിസ്കോപ്പാ
(ഉപരക്ഷാധികാരി)


ഫാ. മത്തായി കുന്നിൽ
(വികാരി & ചെയർമാൻ)


സുനിൽ പി. ഉമ്മൻ
(ജനറൽ കൺവീനർ)


ഫാ. കെ.ജി. ചെറിയാൻ


ഫാ. മാത്യു തോമസ്


ഫാ. ബിജു റ്റി. മാത്യു


ഫാ. തോമസ് ജോസഫ്


ഫാ.തോമസ് വർഗ്ഗീസ്


ഏബ്രഹാം തോമസ്


കോശി ജോർജ്


ജോസ് കെ. ജോർജ്


കെ.കെ. ഏബ്രഹാം



ഉമ്മൻ ജോർജ്


മാത്യൂസ് ഏബ്രഹാം


കെ.സി. ജോസഫ്



ബിജു അലക്സാണ്ടർ


സ്റ്റീഫൻ ഐപ്പ്




**ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ**

ശെമ്മാശൻ ആയ കാലം മുതൽ പുത്തൻകാവ് പള്ളി കൺവൻഷനിലെ പ്രാസംഗികനായിരുന്ന തിരുമേനി തന്റെ എല്ലാ പ്രസംഗങ്ങളിലും പുത്തൻകാവിൽ കൊച്ചുതിരുമേനിയെ അഭിമാനപൂർവ്വം അനുസ്മരിച്ചിട്ടുണ്ട്



**ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ**

ബൗദ്ധികശക്തികൊണ്ട് വിശ്വത്തെ വിസ്മയിപ്പിച്ച തിരുമേനി പല വർഷങ്ങളിലും പരിപാടികൾ ക്രമീകരിച്ച് പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഓർമ്മപ്പെരുന്നാളിന് പങ്കെടുത്തിട്ടുണ്ട്.



**ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ**

മൗനവ്രതംകൊണ്ടും പ്രാർത്ഥനകൊണ്ടും മലങ്കരസഭയെ നയിച്ച തിരുമേനിയുടെ മാതൃഇടവക മംഗലം സെന്റ് ജോർജ്ജ് പള്ളിയാണ്.



2001 ഏപ്രിൽ 16 – ാം തീയതി പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ചരമ സുവർണ്ണ ജൂബിലി ആചരണം പുത്തൻകാവ് കത്തീഡ്രലിൽ മലയാള മനോരമ ചീഫ് എഡിറ്റർ കെ.എം. മാത്യു ഉദ്ഘാടനം ചെയ്യുന്നു. ഇടത്തുനിന്ന് തേയോഫോറസ് റമ്പാൻ കോർ എപ്പിസ്കോപ്പാ, സഖറിയാസ് മാർ അന്തോനിയോസ് മെത്രാപ്പോലീത്ത, തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത, ഫാ. ജോൺ പോൾ എന്നിവർ സമീപം

**2013 ഏപ്രിൽ 16 ന് വിവിധ ദേവാലയങ്ങളിൽ നിന്ന് പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിടത്തിലേക്ക് വന്ന പദയാത്രകൾ. ആറാട്ടുപുഴ സെന്റ് മേരീസ് പള്ളിയാണ് ആദ്യമായി വർഷങ്ങൾക്ക് മുമ്പ് പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഓർമ്മപ്പെരുന്നാളിന് പദയാത്ര ആരംഭിച്ചത്.**
**ഇപ്പോൾ എല്ലാവർഷവും വിവിധ പള്ളികളിൽ നിന്ന് ഓർമ്മപ്പെരുന്നാളിന് പദയാത്രകൾ എത്തിച്ചേരുന്നു.**











**2013 ഏപ്രിൽ 16 ന് ബഥേൽ അരമന പള്ളിയിൽ നിന്ന് പ്രധാന റാസ ആരംഭിക്കുന്നു**





*Photo : Jeffin, Pynummoottil*



പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസിന് പരിശുദ്ധ കാതോലിക്കബാവാ ബഹുമാനനാമം പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി നടത്തുന്ന പ്രയാണത്തിനുള്ള പതാക പത്തനംതിട്ട ബേസിൽ ദയറായിൽ തുമ്പമൺ ഭദ്രാസന സെക്രട്ടറി ഫാ. ടൈറ്റസ് ജോർജ് പുത്തൻകാവ് കത്തീഡ്രൽ വികാരി ഫാ. മത്തായി കുന്നിൽ, സുനിൽ പി. ഉമ്മൻ, കെ.സി. ജോസഫ്, കോശി ജോർജ് എന്നിവർക്കു കൈമാറുന്നു. ഇടത്തുനിന്ന് ജോസ് കെ. ജോർജ്, ഏബ്രഹാം തോമസ്, ഫാ. ബിജു റ്റി. മാത്യു. ഫാ. കെ.എം. തോമസ് എന്നീവർ സമീപം




വിവിധ പള്ളികളിലെ സ്വീകരണങ്ങൾക്കു ശേഷം പതാക പ്രയാണംപുത്തൻകാവ് കത്തീഡ്രലിൽ എത്തിച്ചേരുന്നു



പുത്തൻകാവിൽ കൊച്ചുതിരുമേനി കാലം ചെയ്തതിനെ തുടർന്ന് മലയാള മനോരമ 1951 ഏപ്രിൽ 18 ന് പ്രസിദ്ധീകരിച്ച മുഖപ്രസംഗത്തിന്റെ കോപ്പി മനോരമ കോട്ടയം ഓഫീസിൽ വെച്ച് എക്സിക്യൂട്ടീവ് എഡിറ്റർ ജേക്കബ് മാത്യു തോമസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തയ്ക്ക് നൽകുന്നു. സുനിൽ പി. ഉമ്മൻ, ഫാ. മത്തായി കുന്നിൽ എന്നിവർ സമീപം.



പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ബഹുമാന നാമ പ്രഖ്യാപനത്തോടനുബന്ധിച്ച് മാർ പീലക്സിനോസ് ക്വയർ നടത്തിയ അഖില മലങ്കര ഗായകസംഘഗാന മത്സരം ആർട്ടിസ്റ്റ് ബേബി ചെങ്ങന്നൂർ ഉദ്ഘാടനം ചെയ്യുന്നു. ഇടത്തുനിന്ന് ബിജു അലക്സാണ്ടർ, റിനോ രാജൻ, ഫാ. മത്തായി കുന്നിൽ, ഫാ. ബിജു റ്റി. മാത്യു, സുനിൽ പി. ഉമ്മൻ, കെ.സി. ജോസഫ്, ഏബ്രഹാം തോമസ്



പുത്തൻകാവിൽ കൊച്ചുതിരുമേനിക്ക് കാതോലിക്കേറ്റ് രത്നദീപം എന്ന ബഹുമാനനാമം നൽകിയ കല്പന പരിശുദ്ധ കാതോലിക്ക ബാവാ പുത്തൻകാവ് കത്തീഡ്രലിൽ വിശുദ്ധ കുർബ്ബാന മദ്ധ്യേ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായ്ക്ക് കൈമാറിയത് അഭിവന്ദ്യ തിരുമേനി വായിക്കുന്നു. ഫാ. ബിജു റ്റി. മാത്യു, ഫാ. മത്തായി കുന്നിൽ, കുര്യാക്കോസ് മാർ ക്ലിമ്മിസ് മെത്രാപ്പോലീത്ത, ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത, ഫാ. റെജി അലക്സാണ്ടർ, യുഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത, ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്ത, ഫാ. തോമസ് വർഗീസ് എന്നിവർ സമീപം.




പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ ബഹുമാനനാമ പ്രഖ്യാപന സമ്മേളനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്ലിതിയൻ കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്യുന്നു. ജോസ് കെ. ജോർജ്, സുനിൽ പി. ഉമ്മൻ, ഫാ. മത്തായി കുന്നിൽ, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, ജസ്റ്റിസ് കെ.ടി. തോമസ്, കുര്യാക്കോസ് മാർ ക്ലിമ്മിസ്, തോമസ് മാർ അത്തനാസിയോസ്, ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, ഫാ. ഡോ. ടി.ജെ. ജോഷ്വാ, പി.സി. വിഷ്ണുനാഥ് എം.എൽ.എ, ഫാ. തോമസ് കൊക്കാപ്പറമ്പിൽ എന്നിവർ സമീപം.